സംരക്ഷണം ഇവയാണ് അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ. ഭൂജല അതോറിറ്റിയുടെ കീഴിൽ സംസ്ഥാനത്തെ കിണറുകളുടെ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയുള്ളൂ.

(ഇ) 2004-ലെ കണക്കുപ്രകാരം തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, പാലക്കാട് ജില്ലയിലെ പിറ്റൂർ, കോഴിക്കോട് ജില്ലയിലെ കോഴിക്കോട്, കാസറഗോഡ് ജില്ലയിലെ കാസറഗോഡ്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, എന്നീ ബ്ലോക്കുകൾ ''ഓവർ എക്സ്പ്ലോയിറ്റഡ്'' വിഭാഗത്തിൽപ്പെടുന്നു. മറ്റ് 15 ബ്ലോക്കുകളെ ''ക്രിട്ടിക്കൽ'' വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്വജൽധാരാ പദ്ധതിക്ക് ലഭ്യമായിട്ടുള്ള കേന്ദ്രവിഹിതം

71 [252] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വജൽധാരാ പദ്ധതിക്കായി 2004-2005, 2005-2006 വർഷങ്ങളിൽ ലഭ്യമായിട്ടുള്ള കേന്ദ്ര വിഹിതം എത്രയാണ്;

(ബി) മറ്റ് ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് ലഭിക്കുന്ന വിഹിതം വളരെക്കുറവാണെന്ന് ബോദ്ധ്യമായിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) നമ്മുടെ സംസ്ഥാനത്തെ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ വിഹിതം കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സ്വജൽധാരാ പദ്ധതിക്കായി 2004-2005, വർഷത്തിൽ സംസ്ഥാനത്തിന് 492.54 ലക്ഷം രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 75% തുക ആദ്യഗഡുവായി ലഭിച്ചിട്ടുണ്ട്. 2005-2006 വർഷത്തിലേക്കുള്ള കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല.

(ബി) മറ്റ് ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് ലഭിക്കുന്ന വിഹിതം കുറവാണെന്ന് ബോദ്ധ്യമായിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് കേന്ദ്രവിഹിതമായി കുടിവെള്ളമേഖലയ്ക്ക് ലഭിക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ട് സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന അതേ അനുപാതത്തിലാണ് സ്വജൽധാരാ ഫണ്ടും അനുവദിക്കുന്നത്. വ്യക്തമായ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഈ അനുപാതം നിശ്ചയിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും ലഭിച്ച പദ്ധതി പ്രൊപ്പോസലുകൾ പൂർണ്ണമായും നടപ്പിലാക്കാനാവശ്യമായ വിഹിതം അനുവദിക്കുവാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിദേശ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള വിതരണത്തിനുള്ള പദ്ധതി

72 [253] *ശ്രീ. രാജു എബ്രഹാം:*
" *എം. വി. ജയരാജൻ:*
" *മഞ്ഞളാംകുഴി അലി:*
" *വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ ബാങ്ക് ഉൾപ്പെടെ വിദേശ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള വിതരണത്തിനുള്ള പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുടിവെള്ള പദ്ധതികൾ ഓരോന്നിന്റേയും ഇപ്പോഴത്തെ ഘട്ടം വിശദമാക്കാമോ; ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ടെണ്ടർ റദ്ദു ചെയ്യേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; രൂപരേഖയിൽ കണക്കാക്കപ്പെട്ട തീയതികൾക്കകം തന്നെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ജെ. ബി. ഐ. സി.യുടെ വായ്പാ തുക ആദ്യഗഡു തിരിച്ചടയ്ക്കേണ്ടത് ഏത് തീയതിയിലാണ്;

(ഡി) പദ്ധതികൾക്കോരോന്നിനും ഇതിനകം ലഭിച്ച വിദേശ സഹായങ്ങളുടെ ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പദ്ധതികളുമായി ബന്ധപ്പെട്ട കൺസൾട്ടൻസികൾക്ക് ഇതിനകം എന്തു തുക നൽകിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ജെ. ബി. ഐ. സി. സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയിലുൾപ്പെടുന്ന 5 പദ്ധതികളുടെയും വിവിധ സർവ്വേകൾ, ഡിസൈനുകൾ തയ്യാറാക്കൽ മുതലായവ പൂർത്തിയാക്കുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് റിസർവോയറുകൾ നിർമ്മിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly